**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 160** **04-10-2021 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ താലൂക്കാശുപത്രി നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ താലൂക്കാശുപത്രി നവീകരിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഒ.പി., കാഷ്വാലിറ്റി, രോഗ നിർണ്ണയ സംവിധാനങ്ങൾ എന്നിവയുടെ വികസനത്തിനായി സർക്കാർ 12.31 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു ഇതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കളായ ഹൈറ്റ്സ് (HITES) തയ്യാറാക്കിയ വിശദ പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ കിഫ്ബി 11.04 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി നിർദ്ദേശ പ്രകാരം വിശദ പദ്ധതി രേഖയുടെ ഡിസൈൻ റിവ്യൂ കിഫ്ബിയുടെ സാങ്കേതിക വിഭാഗം നടത്തി വരികയാണ് ഇത് പൂർത്തിയായ ശേഷം പദ്ധതിയുടെ ടെണ്ടർ നടപടികളിലേക്ക് കടക്കുന്നതാണ്. നിലവിലെ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത നവീകരണത്തിനായി അനുവദിക്കുന്ന ഫണ്ട് സംബന്ധിച്ച വിവരം ലഭ്യമാക്കാമോ? | (ബി) | നവീകരണ പ്രവർത്തനങ്ങൾക്ക് 11.04 കോടിയുടെ സാമ്പത്തികാനുമതിയാണ് നൽകിയിട്ടുള്ളത് |

സെക്ഷൻ ഓഫീസർ